# SAGARA HOSPITAL PUNNAPRA

(Under the Co-operative Academy of Professional Education, Estd. by the Government of Kerala)

**നം.എസ് എച്ച്/ബി2/474/2011** **തീയതി.17.06.2025**

**<u>ക്വട്ടേഷൻ പരസ്യം</u>**

സാഗര ആശുപത്രി കോമ്പൗണ്ടിനുള്ളിൽ ആശുപത്രിയുടെ നിശ്ചിത സ്ഥലത്ത് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കോഫീ സ്റ്റാൾ ആശുപത്രി നിബന്ധനകൾക്കു വിധേയമായി നടത്തുന്നതിന് പ്രതിമാസ വാടക ക്വോട്ടു ചെയ്തു കൊണ്ട് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനിൽ ആയതു സമർപ്പിക്കുന്ന വ്യക്തികളുടെ പിൻകോഡ് സഹിതമുള്ള പൂർണ്ണമായ മേൽവിലാസവും മൊബൈൽ നമ്പറും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാറിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിരിക്കണം. ക്വട്ടേഷനോടൊപ്പം 2000/-രൂപയുടെ നിരതദ്രവ്യം ആഫീസിലടച്ച് രസീത് വാങ്ങേണ്ടതാണ്. ഈ രസീത് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രസ്തുത തുക ക്വട്ടേഷൻ തുറക്കുന്നതിന്റെ അടുത്ത പ്രവർത്തി ദിവസം ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്. ക്വട്ടേഷൻ അടങ്ങുന്ന കവറിനു മുകളിൽ " കോഫീസ്റ്റാൾ നടത്തുന്നതിനുള്ള ക്വട്ടേഷൻ"എന്നു രേഖപ്പെടുത്തേണ്ടതാണ് .ക്വട്ടേഷനുകൾ 30.06.2025 ന് വൈകുന്നേരം 3 മണിക്കോ അതിനു മുൻപായോ ആശുപത്രി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 4 മണിക്ക് തുറക്കുന്നതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ആശുപത്രി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കുന്നതാണ്

**<u>നിബന്ധനകൾ</u>**

1. ഒരു വർഷത്തേക്കായിരിക്കും കോഫീ ഷോപ്പ് നടത്തുന്നതിനുള്ള അനുവാദം നൽകുന്നത്.
2. ഷോപ്പ് നടത്തുന്നതിനാവശ്യമായ പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ് കരാറുകാരൻ തന്നെ സമ്പാദിക്കേണ്ടതാണ്.
3. ഷോപ്പ് കരാർ കാലയളവിൽ മുഴുവൻ ദിവസങ്ങളിലും ഷോപ്പ് പ്രവർത്തിപ്പിക്കേണ്ടതാണ്.
4. ഇലക്ട്രിസിറ്റി ചാർജ്ജ് വാടകയോടൊപ്പം കരാറുകാരൻ അടയ്ക്കേണ്ടതാണ്. കാലാകാലങ്ങളിൽ ആശുപത്രി കെ എസ് സി ബി ക്കു നൽകുന്ന നിരക്കിലാണ് ഇലക്ട്രിസിറ്റി ചാർജ്ജ് കണക്കാക്കുന്നത്.(നിലവിൽ യൂണിറ്റിന് 11 രൂപാ)
5. ഒരു മാസത്തെ വാടകയും കൂടാതെ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ പ്രതീക്ഷിക്കുന്ന ശരാശരി പ്രതിമാസതുകയായ 4,000/-രൂപയും ഉൾപ്പെടെയുള്ളതുക അഡ്വാൻസായി അടയ്ക്കേണ്ടതാണ്.

Vadackal P.O., Alappuzha - 688 003. Reg No: B1-1601/24-25
Phone : (Off) 0477 2269976,2240229. (Enq) 0477 2267676,2240200,203
E-mail id : sagarahospital@gmail.com, Website : www.sagarahospital.org

6. ഓരോ മാസത്തേയും വാടക അടുത്ത മാസം 5-ാം തീയതിക്കു മുൻപായി ആശുപത്രി ഓഫീസിലടച്ച് രസീതു വാങ്ങേണ്ടതാണ്.
7. ചായ, കോഫി, ഭക്ഷണ സാധനങ്ങൾ എന്നിവയല്ലാതെ മറ്റൊരു സാധനങ്ങളും വില്ക്കാൻ പാടില്ല.
8. ചായ, കോഫി, ഭക്ഷണസാധനങ്ങൾ (പായ്ക്ക് ,ചെയ്തവ ഒഴികെ) എന്നിവ പൊതു ജനങ്ങൾക്കു നൽകുന്നതിനേക്കാൾ വില താഴ്ത്തി ആശുപത്രി ജീവനക്കാർക്ക് നൽകേണ്ടതാണ്.
9. കോവിഡ്-19 മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടുമാത്രമേ വിൽപന നടത്താവൂ.
10. ഭക്ഷണം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത്/ആരോഗ്യ വകുപ്പു നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
11. പ്രവർത്തനം തൃപ്തികരമല്ലായെന്നു കണ്ടാൽ കരാർ കാലാവധി കണക്കാക്കാതെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ആശുപത്രി മാനേജ്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
12. കോഫീഷോപ്പ് പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പടെയുള്ള അവശിഷ്ടങ്ങൾ കരാറുകാരൻ തന്നെ അതാതു ദിവസങ്ങളിൽ നീക്കം ചെയ്യേണ്ടതാണ്. ഇക്കാരണത്താൽ പഞ്ചായത്ത് അധികൃതരോ മറ്റേതെങ്കിലും സർക്കാർ ഡിപ്പാർട്ടുമെന്റുകളോ ആശുപത്രിക്കു മേൽ എന്തെങ്കിലും പിഴ ചുമത്തിയാൽ ടി തുക ഒടുക്കുന്നതിനുള്ള മുഴുവൻ ബാദ്ധ്യതയും കരാറുകാരനായിരിക്കുന്നതാണ്.
13. കച്ചവടം ആരംഭിക്കുന്നതിനു മുൻപായി 200/- രൂപ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ അടങ്ങുന്ന എഗ്രിമെന്റ് ഒപ്പിട്ടു നൽകേണ്ടതാണ്.
14. മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് കോഫീഷോപ്പ് നടത്തുവാൻ താല്പര്യമുള്ളവർ മാത്രം ക്വട്ടേഷൻ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

സെക്രട്ടറി

To

1.നോട്ടീസ് ബോർഡ്

2.പുന്നപ്ര വടക്ക് പഞ്ചായത്ത്,3.അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്